**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച കോർട്ട് ഓഫീസർക്ക് യാത്രാബത്ത അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1999/2015/തസ്വഭവ. തിരുവനന്തപുരം, തീയതി 02/07/2015.**

---

പരാമർശം:-(1) 10.11.2014 ലെ സ.ഉ.(സാധാ) നമ്പർ 2939/2014 തസ്വഭവ നമ്പർ ഉത്തരവ്.

(2) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ സെക്രട്ടറിയുടെ 02.12.2014, 13.05.2014 എന്നീ തീയതികളിലെ എ 1/2943/2014/ഒബിഡിഎൻ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം ശ്രീ.വി.കെ.അനിൽകുമാർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (റിട്ട) നെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിൽ 25,000/- രൂപ കൺസോളിഡേറ്റഡ് ശമ്പള പ്രകാരം കോർട്ട് ഓഫീസറായി നിയമിച്ച് ഉത്തരവായിരുന്നു. ഓംബുഡ്സ്മാന്റെ ക്യാമ്പ് സിറ്റിംഗ് വിവിധ ജില്ലാ ആസ്ഥാനങ്ങളിൽ നിശ്ചയിച്ചിട്ടുള്ളതിനാലും സിറ്റിംഗുകളിൽ കോർട്ട് ഓഫീസർ നിർബന്ധമായും പങ്കെടുക്കേണ്ടതിനാലും ടിയാന് യാത്രാബത്ത കൂടി അനുവദിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം ഓംബുഡ്സ്മാൻ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഓംബുഡ്സ്മാൻ കാര്യാലയത്തിൽ കോർട്ട് ഓഫീസറായി നിയമിതനായിട്ടുള്ള ശ്രീ.വി.കെ.അനിൽകുമാറിന് (റിട്ട. ബി.ഡി.ഒ) നിലവിലുള്ള നിയമമനുസരിച്ച് Grade II (b) വിഭാഗത്തിലെ ഓഫീസർക്കുള്ള യാത്രാബത്ത അനുവദിച്ച് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എൻ.വിശ്രുതൻ ആചാരി**
**അണ്ടർ സെക്രട്ടറി.**

സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, തിരുവനന്തപുരം.

ശ്രീ.വി.കെ.അനിൽകുമാർ, കോർട്ട് ഓഫീസർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ. (ഓംബുഡ്സ്മാൻ സെക്രട്ടറി മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**